പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനം

28 (28) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള എല്ലാ സ്ഥിരനിയമനങ്ങളിലും പി.എസ്.സി. വഴിയാകണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) നിയമനത്തിലും വേതനം നിശ്ചയിക്കുന്നതിലും ഇത്തരം സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നിബന്ധനകൾ ഉൾക്കൊള്ളിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; പ്രസ്തുത നിർദ്ദേശങ്ങളുടെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള എല്ലാ സ്ഥിരനിയമനങ്ങളും പി.എസ്.സി. വഴിയാക്കണമെന്ന് 13-5-2015-ലെ 48/2015/ധന. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

(ബി) നിയമനത്തിലും വേതനം നിശ്ചയിക്കുന്നതിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നിബന്ധനകൾ 13-5-2015-ലെ 48/2015/ധന. നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും എല്ലാ നിയമങ്ങളും ആവശ്യകതക്കനുസരിച്ച് സർക്കാരിന്റെ അംഗീകാരത്തോടുകൂടി അനുവദിച്ച തസ്തികകളിൽ മാത്രമേ നിയമനാധികാരി നിയമനം നടത്താവൂ.

2. സംവരണ തത്വങ്ങൾ ഉൾപ്പെടെ ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് സുതാര്യമായ നിയമന പ്രക്രിയവഴിമാത്രമേ തസ്തികകളിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിയമനങ്ങൾ നടത്താവൂ.

3. എല്ലാ സ്ഥിരനിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണ്. കരാറടിസ്ഥാനത്തിൽ നിയമിതരായവർക്ക് യാതൊരു സാഹചര്യത്തിലും സ്ഥിരനിയമനത്തിനുള്ള അവകാശം ഉണ്ടായിരിക്കുകയില്ല. കരാർ നിയമനത്തിനുള്ള വ്യവസ്ഥകളിൽ ഇതുൾപ്പെടുത്തേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. കരാർ നിയമനങ്ങളിൽ ജീവനക്കാരും തൊഴിൽ ദാതാവും തമ്മിൽ നിയമന വ്യവസ്ഥകൾ, നിയമനത്തിന്റെ കലാവധി (ഒരു സമയത്ത് ഒരു വർഷത്തിൽ കൂടാൻ പാടുള്ളതല്ല) മുതലായവ വ്യക്തമാക്കുന്ന കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ സ്ഥിരനിയമനം/പി.എസ്.സി. വഴിയുള്ള നിയമനം നടത്തുമ്പോൾ കരാർ നിയമനം റദ്ദാവുകയും ചെയ്യും.

5. കരാർ നിയമന കാലത്തേയ്ക്കുള്ള വേതനം ടി തസ്തികയ്ക്കുള്ള മിനിമം അടിസ്ഥാന ശമ്പളവും നിയമന സമയത്തെ നിലവിലുള്ള ക്ഷാമബത്തയും തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള അർഹമായ അലവൻസുകളും ചേർത്തുള്ള തുകയിൽ കൂടാൻ പാടുള്ളതല്ല.

സേവനപ്രദാന പദ്ധതി

29 (29) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ സേവനപ്രദാന പദ്ധതിയുടെ കാര്യക്ഷമതയെ സംബന്ധിച്ച് സർക്കാർതലത്തിൽ വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ സേവനപ്രദാന പദ്ധതിപ്രകാരം നാളിതുവരെയും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്ത കാര്യാലയങ്ങളിൽ അവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കുംവേണ്ടി കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 2012 നവംബർ 1 മുതൽ നിലവിൽവന്നു. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാം തന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി സംബന്ധിച്ച ഒരു അവലോകന റിപ്പോർട്ട് തയ്യാറാക്കുവാൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അവർ ഒരു പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിൽ മുന്നോട്ടുവച്ചിരുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly